## (90.) ഉള്ളന്നൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കാലിക്കാപള്ളിയുടെ ലഘുചരിത്രം

നാനാജാതി മതസ്ഥർ സ്നേഹപൂർവ്വം മലേപ്പള്ളി എന്നു വിളിക്കുന്ന ഉള്ളന്നൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാപ്പള്ളി ദേശത്തിന്റെ ആധ്യാത്മിക ചൈതന്യത്തിന്റെ പ്രതീകമായി മലമുകളിൽ നിലകൊള്ളുന്നു. രോഗ ദുഃഖങ്ങളിൽ നിന്നും അസ്വസ്ഥതകളിൽ നിന്നും മോചനം നേടാൻ, ഇടവക മധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ അനുഗ്രഹം യാചിച്ച് ദേവാലയത്തിലെത്തുന്നവർ ആയിരങ്ങൾ. പരി.അമ്മയുടെ മധ്യസ്ഥതയിൽ അനുഗ്രഹം നേടിയവർ ദേശത്തിന്റെ ഐശ്വര്യമായ മലേപ്പള്ളിയെക്കുറിച്ച് സംസാരിക്കുന്നത് അങ്ങേയറ്റം ഭക്തിയിൽ.

**ഇടവക സ്ഥാപനദിനം/വർഷം**

1931. സ്ഥാപകൻ - ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി

**ഇടവക മധ്യസ്ഥ**

പരി. ദൈവമാതാവ്

**ഇടവക സ്ഥാപനവുമായി ബന്ധപ്പെട്ട് വ്യക്തികൾ/ കുടുംബങ്ങൾ**

മത്തായി സാർ മലഞ്ചരുവിൽ - ഉള്ളന്നൂരിൽ മലഞ്ചരുവിൽ കളീയ്ക്കൽ കുടുംബത്തിലെ മാത്തൻ വർഗ്ഗീസിന്റെയും തട്ടപ്പാവിളയിൽ മറിയാമ്മയുടെയും അഞ്ച് മക്കളിൽ മൂന്നാമനായാണ് 1900 മാർച്ച് 20ന് മത്തായി മലഞ്ചരുവിൽ ജനിക്കുന്നത്. മാതാപിതാക്കൾ യാക്കോബായ വിശ്വാസികളായിരുന്നു. പ്രാഥമിക വിദ്യാഭ്യാസിനു ശേഷം അദ്ധ്യാപക പരിശീലനം നേടി. കാതോലിക്കേറ്റ് സ്ഥാപനത്തെത്തുടർന്ന് യാക്കോബായ പക്ഷമെന്നും ഓർത്തഡോക്സ് പക്ഷമെന്നും രണ്ടായി സഭ പിളർന്ന അവസരത്തിൽ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയോടൊപ്പം നിന്ന് ഓർത്തഡോക്സ് സഭയുടെ വളർച്ചയ്ക്കായി പരിശ്രമിച്ചു. മലങ്കര സഭയിലെ ഫാ. പി.റ്റി ഗീവർഗീസിനെ (മാർ ഈവാനിയോസ്) മത്തായിസാർ ഇക്കാലത്ത് പരിചയപ്പെടുന്നു. മലങ്കര സഭയുടെ ആധ്യാത്മിക നവീകരണ പരിശ്രമത്തിൽ പങ്കാളിയാകാൻ മത്തായി സാറിനെ പി. റ്റി. ഗീവർഗീസ് ക്ഷണിച്ചു. 1925-ൽ മാർ ഈവാനിയോസ് ബഥനി മെത്രാനായി അഭിഷിക്തനായി. 1930-ൽ മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. തുടർന്ന് മത്തായിസാറും കുടുംബവും കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. 1931-ൽ ഉള്ളന്നൂരിൽ ദേവാലയം സ്ഥാപിക്കാൻ പിതാവിനോട് ചേർന്ന് പ്രവർത്തിക്കുകയുണ്ടായി.

**സഹകരണ സംഘം**

കണ്ടത്തിലച്ചൻ വികാരിയായിരുന്ന സമയത്ത് സഹകരണസംഘം രൂപീകരിക്കുകയും നാനാജാതി മതസ്ഥരെ സഹായിക്കുകയും ചെയ്തിരുന്നു. മിഷൻപ്രവർത്തനത്തിന്റെ ഭാഗമായി ദരിദ്രജനവിഭാഗങ്ങളെ സഹായിക്കുന്നതിനായി വിദേശത്തു നിന്നും എത്തിച്ചിരുന്ന ഗോതമ്പും പാൽപ്പൊടിയും വിതരണം ചെയ്തിരുന്നു.

**ഇടവകയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള വികാരിമാരുടെ പേരും വർഷവും**

1. ഫാ. ചാണ്ടപ്പിള്ള പമ്പൂരേത്ത് - 1938-43
2. ഫാ. അലക്സാണ്ടർ പമ്പൂരേത്ത് - 1943-40
3. ഫാ. തോമസ് കൈതനാൽ - 1949-51
4. ഫാ. ജോഷ്വാ കുന്നത്തേത്ത് - 1951-54
5. ഫാ. ജേക്കബ് കിളന്നമണ്ണിൽ - 1954-61
6. ഫാ. ജോർജ് ജെ. കണ്ടത്തിൽ എസ്.ജെ.- 1961-68

| | | |
|---|---|---|
| 7. ഫാ. തോമസ് പൊൻമേലിൽ | - | 1968 - 72 |
| 8. ഫാ. ഡേവിഡ് ഇല്ലിരിക്കൽ | - | 1972 - 78 |
| 9. ഫാ. കുര്യൻ വാലുപറമ്പിൽ | - | 1978 - 79 |
| 10. ഫാ. ജേക്കബ് കളിയന്താനം | - | 1979 - 85 |
| 11. ഫാ. ഗീവർഗ്ഗീസ് ചരുവിളയിൽ | - | 1985 - 91 |
| 12. ഫാ. ജോഷ്വാ താഴത്തേതിൽ | - | 1991 - 96 |
| 13. ഫാ. ജെയിംസ് പാറവിളയിൽ | - | 1996 - 2001 |
| 14. ഫാ. സാമുവൽ പുത്തൻപുരയിൽ | - | 2001 - 2006 |
| 15. ഫാ. വർഗീസ് സാമുവൽ കിഴക്കേവിളയിൽ | - | 2006 - 2010 |
| 16. ഫാ. സക്കറിയ നെടിയകാലായിൽ | - | 2010 - 2012 |
| 17. ഫാ. ജോസഫ് തുണ്ടിയൂഴത്തിൽ | - | 2012 - 2015 |
| 18. ഫാ. മാത്യു പേഴുംകൂട്ടിൽ | - | 2015 - 2017 |
| 19. ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ | - | 2017 - |
| **ഇടവകയിലെ ആകെ കുടുംബങ്ങൾ** | **-** | **210** |

**ഇടവകയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ**

1. എം.എസ്.സി.എൽ.പി.എസ്. ഉള്ളന്നൂർ - 1957 ജൂലൈ 22 ന് സ്കുളിന്റെ പ്രവർത്തനമാരംഭിച്ചു. ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ വി.യോഹന്നാൻ മാംദാനയുടെ നാമത്തിൽ തുടങ്ങിയതാണ് ഈ വിദ്യാഭ്യാസ സ്ഥാപനം.

2. എം.എസ്.സി.എൽ.പി.എസ്. ഉള്ളന്നൂർ (മാന്തുക)

3. ബഥനിമഠം - ഉള്ളന്നൂർ ദേവാലയവുമായി ബന്ധപ്പെട്ട് ബഥനി മഠം സ്ഥാപിതമാകുന്നത് 1965 മെയ് മാസം 24 ന് ആണ്. ജോർജ്ജ് കണ്ടത്തിലച്ചന്റെ ശ്രമഫലമായാണ് ഇത് സാധ്യമായത്. സി. ശ്ലോമോ (സുപ്പീരിയർ), സി.ജൂഡിത്തി, സി.അസുന്ത എന്നിവർ അംഗങ്ങളായിരുന്നു. സി. ശ്ലോമോ എം.എസ്സി. എൽ.പി സ്കൂളിൽ അധ്യാപികയായിരുന്നു. സ്ത്രീ സമാജം, മഹിളാസമാജം എന്നിവ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നിരുന്നു.

4. മോറോൻ മോർ സിറിൽ സേലിയോസ് സഢേസ്കൂൾ മന്ദിരം (ആഡിറ്റോറിയം) - ദേവാലയത്തോട് ചേർന്നുണ്ടായിരുന്ന പഴയ വൈദികമന്ദിരം പൊളിച്ച് അവിടെ പുതിയ സണ്ടേസ്കൂൾമന്ദിരം 500 ചതുരശ്ര മീറ്റർ വലിപ്പിൽ 2007ൽ നിർമ്മിച്ചു. ഫാ.വർഗ്ഗീസ് സാമുവേൽ നേതൃത്വം വഹിച്ചു. പഴയ പാരിഷ്ഹാൾ പൊളിച്ച് ആ സ്ഥാനത്ത് വൈദികമന്ദിരവും നിർമ്മിക്കുകയുണ്ടായി. 2007ൽ ഫാ.വർഗ്ഗീസ് സാമുവലിന്റെ നേതൃത്വത്തിലാണ് വൈദിക മന്ദിരവും നിർമ്മിച്ചത്.

5. സ്മൃതിമണ്ഡപം - മോറോൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാവായുടെ സ്മരണ നിലനിർത്തുവാൻ വേണ്ടി സ്മൃതി മണ്ഡപം ദൈവാലയത്തോട് ചേർന്ന് പണികഴിപ്പിച്ചു. എല്ലാ വർഷവും പിതാവിന്റെ ഓർമ്മ ആചരിച്ചുവരുന്നു.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. **അഭിവന്ദ്യ മോറോൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ –** മലഞ്ചരുവിൽ മത്തായിയുടെയും ഏലിയാമ്മയുടെയും ആൺ മക്കളിൽ നാലാമനായി 1935 ആഗസ്റ്റ് 16ന് ജനിച്ചു. ജയിംസ് എന്നായിരുന്നു മാമോദീസാ പേര്. മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം ഹൈസ്കൂൾ വിദ്യാഭ്യാസിനു ശേഷം 16-ാമത്തെ വയസിൽ ബഥനി സന്യാസസമൂഹത്തിൽ ചേർന്നു. 1960 ഒക്ടോബർ 4ന് കർദ്ദിനാൾ പീറ്റർ ഗ്രിഗറി അഗാജിയാനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 1974ൽ ബഥനി സന്യാസസമൂഹിന്റെ സുപ്പീരിയർ ജനറൽ ആയി സ്ഥാനം ഏറ്റെടുത്തു. ഈ അവസരിലാണ് 1978 ഡിസംബർ 28 ന് സുൽത്താൻ ബത്തേരിയുടെ പ്രഥമ മെത്രാനായി സിറിൽ മാർ ബസേലിയോസ് എന്ന നാമധേയത്തിൽ അഭിഷിക്തനായത്. തുടർന്ന് 1979 ഫെബ്രുവരി 2 ന് ബത്തേരിയുടെ മെത്രാനായി സ്ഥാനാരോഹണം ചെയ്തു. ബത്തേരി മെത്രാനായി 17 വർഷക്കാലം അവിടെ പ്രവർത്തിച്ചു. 1988-ൽ ഇന്റർനാഷണൽ ഡയലോഗ് കമ്മീഷൻ അംഗമായി സിറിൽ പിതാവിനെ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ നിയോഗിച്ചു. 1995 ഡിസംർ 14-ന് മലങ്കര കത്തോലിക്കാ സഭയുടെ മൂന്നാമത്തെ ആർച്ച് ബിഷപ്പായി സിറിൽ മാർ ബസേലിയോസ് വാഴിക്കപ്പെട്ടു. 2005 ഫെബ്രുവരി 10ന് മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പ് കാതോലിക്കോസായി. 2007 ജനുവരി 18 ന് കാലം ചെയ്തു. മലങ്കര കത്തോലിക്കാ സഭ മേജർ ആക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർന്നത് പിതാവിന്റെ കാലാണ്.

2. ഫാ. ജോർജ്ജ് മലഞ്ചരുവിൽ ഉള്ളന്നൂർ
3. ഫാ. മത്തായി മലഞ്ചരുവിൽ
4. ഡാനിയേൽ കുഴിത്തടത്തിൽ കോർഎപ്പിസ്കോപ്പ
5. ഫാ. ജയിംസ് പുതുപ്പറമ്പിൽ
6. ഫാ. ബിജു മലഞ്ചരുവിൽ
7. ഫാ. ബോബി മലഞ്ചരുവിൽ
8. ഫാ. സാം കുഴിപാറ
9. സി. ഹെലൻ
10. സി. എവുജിനിയ
11. സി. ഫെലിഷ്യ
12. സി. ഹലിയൂസ്
13. സി. ബർക്കമൻസ്
14. സി. നീറ്റ
15. സി. ഗ്ലാഡിസ്
16. സി. കുസുമം
17. സി. ശൈനോ
18. സി. മഞ്ജുഷ

19. സി. തീത്ത

20. സി. സത്യ

21. സി. ഭാവന

22. സി. മയൂഖ

**ദൈവാലയം പുതുക്കിപ്പണിത് കൂദാശ ചെയ്ത തീയതിയും വർഷവും**

1978 വികാരി - റവ.ഫാ.ഡേവിഡ് ഇല്ലിരിക്കൽ. 1978-ൽ പുതിയ ദേവാലയം നിർമ്മിക്കാൻ നേതൃത്വം കൊടുത്ത ഫാ.ഡേവിഡ് ഇല്ലിരിക്കൽ എടുത്തു പറയേണ്ട വൈദിക ശ്രേഷ്ഠരിൽ ഒരാളാണ്.

**ഇടവകയുമായി ബന്ധപ്പെട്ട സുപ്രധാന ദിനങ്ങൾ**

പരി. ദൈവമാതാവിന്റെ തിരുനാൾ

വി.ഗീവർഗീസ് സഹദാ തിരുനാൾ

വിശുദ്ധ അൽഫോൻസാ തിരുനാൾ

അഭിവന്ദ്യ സിറിൾ പിതാവിന്റെ ഓർമ്മയാചരണം

**ദൈവാലയവും അനുബന്ധസ്ഥലവും**

1.60 ഏക്കർ

**കുരിശടികൾ – 2**

വി.ഗീവർഗ്ഗീസ് സഹദ - പാണിൽ

വി.അൽഫോൻസ. - കൈതക്കാട്